നം. ജെ. 4018/17

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.,
തിരുവനന്തപുരം-3
തീയതി : 18/12/2017.

## ലഘുദർഘാസ് പരസ്യം

2018 ജനുവരി 6 മുതൽ 10 വരെ വരെ തൃശൂരിൽ വച്ച് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായുള്ള പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയൻ തയ്യാറാക്കി പങ്കെടുക്കുന്നുണ്ട്. പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പവലിയൻ നിർമ്മിക്കുന്നതിനും കമനീയമായി മോടി പിടിപ്പിക്കുന്നതിനും അനുബന്ധ ജോലികൾ ചെയ്യുന്നതിനും മുദ്ര വച്ച് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.വിശദ വിവരം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറിലുള്ള ആഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

| | | |
|---|---|---|
| അടങ്കൽ തുക | - | 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) |
| നിരതദ്രവ്യം | - | 10,000/- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | | |
| അസ്സൽ | - | 800 + GST |
| ഡ്യൂപ്ലിക്കേറ്റ് | - | 400 + GST |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും, സമയവും | | 01/01/2018 പകൽ 11 മണി വരെ |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | | 01/01/2018 പകൽ 12 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും, സമയവും | | 01/01/2018 പകൽ 12.30 മണി |

## ടെണ്ടർ നോട്ട്

സ്കൂൾ കലോത്സവത്തോടനുബന്ധിച്ചുള്ള പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പവലിയൻ നിർമ്മാണത്തിനുള്ള ആശയം **'കുടുംബ കൃഷിയും കാർഷിക ഗ്രാമീണ ചന്തകളും'** ആണ്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലുള്ള പവലിയൻ, സ്റ്റാൾ ഡിസൈനിന്റെ വിശദമായ ആശയങ്ങളും മാതൃകകളും ഫാം ഇൻഫർമേഷൻ ബ്യൂറോ ആഫീസിൽ നിന്നും നൽകുന്നതായിരിക്കും. ആയതിനുള്ള 2 D ഡ്രായിംഗുകളും ലഭ്യമാക്കുന്നതാണ്.

## പവിലിയന്റെ നിർമ്മാണ വ്യവസ്ഥകൾ

1) 10 m x 10 m വിസ്തൃതിയിലായിരിക്കണം പവലിയൻ തയ്യാറാക്കേണ്ടത്. 2 D, 3 D ശില്പങ്ങൾ ഉപയോഗിച്ച് കലാപരമായി നിർമ്മിക്കേണ്ടതാണ്.

2) പവലിയന്റെ വാതിൽ 7 അടി പൊക്കത്തിൽ കുരുത്തോല, പാള, ചിരട്ട, മറ്റ് തെങ്ങിന്റെ ഉപ ഉൽപ്പന്നങ്ങൾ എന്നിവ ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ ആകർഷണീയമായി നിർമ്മിക്കേണ്ടതാണ്. കൂടാതെ Façade 18 അടി പൊക്കത്തിൽ മേൽ പറഞ്ഞ ആശയങ്ങൾ അടിസ്ഥാനമാക്കി 2D, 3D മോഡ്യൽസ്, ശിൽപ്പങ്ങൾ, തുണിപ്രിന്റുകൾ എന്നിവ ഉപയോഗിച്ച് കമനീയമായ രീതിയിൽ നിർമ്മിക്കേണ്ടതാണ്.

3) എല്ലാ ഭാഗവും ചിത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിറം അപക്സ് ഉപയോഗിച്ച് പെയിന്റ് ചെയ്യേണ്ടതാണ്.

4) അക്ഷരങ്ങൾ 3 സെ. മീ. കനത്തിലും 10 സെ. മീ. ഉയരത്തിലും തെർമോക്കോളിൽ കട്ട് ചെയ്ത് ഒട്ടിക്കണം.

5) പവിലിയന്റെ ഉൾവശം, മേൽത്തട്ട് എന്നിവ മേൽത്തരം തുണി ഉപയോഗിച്ച് ചെയ്യേണ്ടതാണ്.

6) **പവിലിയൻ നിർമ്മാണവും ആയതുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളിലും Green Protocol കർശനമായി പാലിക്കേണ്ടതാണ്.**

7) ഓഫീസിൽ നിന്നും നൽകുന്ന ഫോട്ടോ പ്രിന്റുകൾ, മറ്റ് വിവരണങ്ങൾ എന്നിവ കലാപരമായി ഡിസൈൻ ചെയ്ത് ഉചിതമായ അളവിലുള്ള പ്രിന്റുകൾ തയ്യാറാക്കി പവലിയനിൽ ഡിസ്പ്ലേ ചെയ്യേണ്ടതാണ്.

8) പവിലിയനുള്ളിൽ മുഴുവൻ ഭാഗത്തും ആവശ്യമായ ഉയരത്തിൽ വുഡൻ പ്ലാറ്റ്ഫാം നിർമ്മിക്കേണ്ടതാണ്. ആയതിൽ മേൽത്തരം കാർപ്പറ്റ് വിരിച്ച് തയ്യാർ ചെയ്യേണ്ടതാണ്.

9) പവിലിയനിലേക്കാവശ്യമായ എഴുത്തുബോർഡുകൾ (ഉദ്ദേശം 20 എണ്ണം 30 cm) നിർദ്ദേശാനുസരണം വിനൈൽ സ്റ്റിക്കറിൽ തയ്യാറാക്കി നൽകേണ്ടതാണ്.

10) പ്രദർശന കവാടത്തിന് അടച്ച് ഉറപ്പുള്ള വാതിലുകൾ സ്ഥാപിക്കേണ്ടതാണ്.

11) Farm Information Bureau, VFPCK, ATMA എന്നീ സ്ഥാപനങ്ങൾക്ക് പവലിയനുള്ളിൽ കൗണ്ടറുകൾ സ്ഥാപിക്കേണ്ടതും പ്രസ്തുത കൗണ്ടറുകൾ frill തുണി ഉപയോഗിച്ച് അലങ്കരിക്കേണ്ടതുമാണ്.

12) പവലിയനിൽ പ്രദർശിപ്പിക്കുന്നതിനായി 40"/42" LED T.V., (പെൻ ഡ്രൈവ് പ്രവർത്തിപ്പിക്കാവുന്ന) D.V.D Player, മൈക്ക് വിത്ത് പബ്ളിക് അഡ്രസ് സിസ്റ്റം (കോഡ്ലെസ് മൈക്ക് സഹിതം) എന്നിവ സജ്ജമാക്കേണ്ടതാണ്.

13) പ്രദർശന ഹാളിന് ആവശ്യമായ ലൈറ്റുകൾ, പ്ലഗ്ഗുകൾ, സീലിംഗ് ഫാനുകൾ, എന്നിവ നിർദ്ദേശാനുസരണം ഘടിപ്പിക്കേണ്ടതാണ്.

14) പ്രദർശനം അവസാനിക്കുന്നതുവരെ പവലിയനിൽ ഉണ്ടാകുന്ന കേടുപാടുകൾ കരാറുകാരൻ സമയബന്ധിതമായി പരിഹരിച്ചുതരേണ്ടതാണ്.

**15) പവലിയനകത്ത് ഏറ്റവും പുറകുവശത്ത് 3 മീറ്റർ വീതിയിൽ 3 അടി പൊക്കത്തിൽ ഉറപ്പുള്ള തടിയിൽ പ്ലാറ്റ്ഫോം നിർമ്മിച്ച് നൽകേണ്ടതാണ്.**

16) പവലിയന്റെ ആവശ്യത്തിലേക്ക് 30 പ്ലാസ്റ്റിക് കസേരകൾ എക്സിബിഷൻ കാലയളവിൽ ലഭ്യമാക്കേണ്ടതാണ്.

17) 8 x 3 മീറ്റർ വിസ്തൃതിയിൽ സംയോജിത കൃഷി സൂചിപ്പിക്കുന്ന 3 D മോഡൽ രൂപങ്ങൾ ആകർഷണീയമായ രീതിയിൽ തയ്യാറാക്കി സ്ഥാപിക്കേതൊണ്.

18) പവിലിയന്റെ അളവിലും മാതൃകയിലും ഒഴിവാക്കാനാവാത്ത എന്തുമാറ്റങ്ങളും നിർദ്ദേശിക്കുന്നതിന് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ഇതിനനുസരിച്ച് പവിലിയൻ പണികൾ പൂർത്തിയാക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. കൂടാതെ പവലിയൻ നിർമ്മാണത്തിൽ ക്യാമ്പയിൻ ആഫീസർ നിർദ്ദേശിക്കുന്ന എല്ലാ മാറ്റങ്ങളും അധിക ജോലികളും ചെയ്യാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

19) ദർഘാസ് വ്യവസ്ഥകളിൽ അനിവാര്യമായി വരുന്ന മാറ്റങ്ങൾ വരുത്തുന്നതിനും കാരണം കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിനുമുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

20) ജോലിയുടെ ഗുണനിലവാരമനുസരിച്ച് പേയ്മെന്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.

21) എല്ലാ പവിലിയൻ ജോലിയും റെന്റ് അടിസ്ഥാനത്തിലാണ് പൂർത്തിയാക്കേണ്ടത്.

22) സർക്കാർ ദർഘാസുകൾക്കുള്ള മറ്റ് വ്യവസ്ഥകൾ ഇതിനും ബാധകമായിരിക്കും.

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram-695003

msm/181217/

**GOVERNMENT OF KERALA**

**AGRICULTURE DEVELOPMENT**

**AND FARMERS WELFARE DEPARTMENT**

Principal Information Officer

Farm Information Bureau

Thiruvananthapuram

**"Tender for the construction of Pavallion at Samsthana School Kalothsavam 2018"**

J.4018/2017 Dated:18.12.2017

Project Cost : Rs.4,00,000/-

Cost of Tender Form (Original) : 800+GST

Cost of Tender Form (Duplicate) : 400+ GST

EMD : 2.5% (Rs.10,000/-)

Last date of sale of Tender : 01/01/2018 11 AM

Receiving Tender upto : 01/01/2018 12.00 PM

Opening of Tender : 01/01/2018 12.30 PM

For more information contact the office of Principal Information Officer, Farm Information Bureau, Kowdiar -3 during office hours

FARM INFORMATION BUREAU KOWDIAR PO THIRUVANANTHAPURAM-695003

Principal Information Officer
Farm Information Bureau
Thiruvananthapuram

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram-695003

**Copy to**:-

1) Director, Public Relations Department
2) Director, Agriculture Development and Farmers Welfare Dept.
3) Superintendent, Govt. Press, Thiruvananthapuram
4) FIB Notice Board
5) Agriculture Development and Farmers Welfare Dept. Notice Board
6) Principal Agriculture Officer, Thrissur